CHURCH WEEKLY

MAY 2026

ഡോ. പോൾ മണലിൽ

സങ്കീർത്തനങ്ങളുടെ സ്നേഹപ്രകാശം

കവർസ്റ്റോറി

കോട്ടയം പഴയ സെമിനാരി: ദക്ഷിണേന്ത്യയിലെ പ്രഥമ വിദ്യാപീഠം

ഫാ. ഇയ്യൂബ് OIC

ഡോ. വർഗ്ഗീസ് കുര്യൻ : ആനന്ദിന്റെ ശില്പി

കലാധരൻ മറ്റപ്പള്ളി



പി. ഭാസ്കരന്റെ സിനിമാഗാനങ്ങളിലെ കല്യാണവിശേഷങ്ങൾ

കെ.വി. അനിൽകുമാർ

An Ecumenical Publication from

THE ALWAYE FELLOWSHIP HOUSE

Church Weekly

Vol. 80
Issue 5
May 2026

An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

80th Year of Publication

FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946

EDITORIAL BOARD

Dr. M.I. Punnoose
0484-2603260
(Chief Editor)
Kuruvilla M. George IRS (Retd)
Prof. Abraham Mathew
Prof. M.T. Saramma
Santhosh Oommen
Dr. Annie David
Prof. Suseela Alexander
Dr. George Eipe
K.O. Elias
Dr. Saju Mathew
Dr. Jacob Elias

ADVISOR

K.V. Mammen

DISCLAIMER

The Alwaye Fellowship House is not responsible for the contents of the articles or the genuineness of the advertisements published in the Church Weekly.

Sri K.C. Chacko
Founder of the Church Weekly
(1946)

CHURCH WEEKLY
C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

E-mail : churchweeklyafh@gmail.com
fellowshiphse@gmail.com
Chief Editor : mip68.afh@gmail.com
Website
www.alwayefellowshiphouse.com

SUBSCRIPTION RATES

	Inside India
Single Issue	₹ 15.00
Annual	₹ 150.00
10 years	₹ 1,500.00
Life (Patron)	₹ 10,000.00
	Outside India
Annual	USD 10
10 years	USD 100
Life (Patron)	USD 1,000

Bank of India - UC College Branch
A/c No. : 856610100002771
AFH - Church Weekly
IFS Code : BKID 0008566

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*

Read... Subscribe... Recommend...

മഹദ്‌വചനം

The greatest of faults,
I should say,
is to be conscious of none.

- Thomas Carlyle



ഈ ലക്കത്തിൽ

4	*Fellowship News*		
5	*മുഖമൊഴി*	രാജൻ മുതൽ നിതിൻ രാജ് വരെ: വേദനിപ്പിക്കുന്ന കാമ്പസ് മരണങ്ങൾ	
6	*സമകാലികം*	ഇനിയും ചാവാത്ത ജാതി	*M.J. Jince*
7	*കവർസ്റ്റോറി*	സങ്കീർത്തനങ്ങളുടെ സ്നേഹപ്രകാശം	*Dr. Paul Manalil*
11	*വഴിവിളക്ക്*	ശൂന്യമാക്കലും പൂർണ്ണമാക്കലും	*Fr. Johney George Cor-Episcopa*
12	*ചിരിയും ചിന്തയും*	സമ്മിശ്രഗന്ധങ്ങളുടെ കൊളാഷ്	*Promod Shankunni*
13	*ചരിത്രപ്പെരുമ*	കോട്ടയം പഴയ സെമിനാരി : ദക്ഷിണേന്ത്യയിലെ പ്രഥമ വിദ്യാപീഠം	*Fr. Iyoob OIC*
17	*സാഹിതീയം*	പി. ഭാസ്കരന്റെ സിനിമാഗാനങ്ങളിലെ കല്യാണവിശേഷങ്ങൾ	*K.V. Anilkumar*
20	*സുഭാഷിതം*	ഒരു കപ്പലപകടം: കഥയും സന്ദേശവും	*K.M. Thomas*
23	*വ്യക്തിയും വീക്ഷണവും*	ഡോ. വർഗ്ഗീസ് കുര്യൻ: ആനന്ദിന്റെ ശില്പി	*Kaladharan Mattappally*
26	*Faithline*	**POOL OF SILOAM**	*Fr. Sam Oommen Panackamattam*
27	*Reflections*	**"COUNT YOUR BLESSINGS" - A PANACEA FOR ALL WORRIES**	*Jose Nadakavukaran George*
30	*Life & Living*	**The "Eye," and our Ways of Seeing**	*Dr. Varghese John*
32	*Memoir*	**The Aluva that I Cherish as My Home Town**	*Dr. Annie David*
34	*Last Page*	**THE LAYMAN LOOKS AT "LEVITICUS"**	*M.G. Kuruvilla*

Not Quite A Life Story: Book Release

'Not Quite A Life Story', a book authored by Mr. Ninan Joseph, former Manager of Federal Bank and resident member of Chacko Homes, was formally released by former Member of Parliament, Dr. Sebastian Paul, on 25 April 2026.

Mr. C. Gauri Dasan Nair, Dr. M. I. Punnoose, Mr. Jaikumar C. Pillai, Mr. Paul Mathew, and Ms. Akshita Pattiyani spoke on the occasion.

Mrs. Georjina George delivered the welcome address, and the author, Mr. Ninan Joseph, delivered the vote of thanks.

The book is published by Carnet Books, Kottayam.

Congratulations ! ! !

Arsha Sairah Jkoshi, a native of Aluva, has secured the first rank at the national level in the CBSE Board examinations by scoring a perfect 600 out of 600 marks.

Arsha is the granddaughter of Prof. M. T. Saramma, a member of the Church Weekly editorial board, and Mr. Koshy John, former Director of the Spices Board.

She studied at Mourya School, Gurugram, Haryana.

Parents: Aromal Amal Jkoshi and Riya.

Hearty congratulations, Arsha!

Condolences

Sri P. T. Kuriakose (92) passed away on 23 April 2026. He had served as a Project Officer in the United Nations. He was honoured with the title "Sabhatharam" by the Syro-Malabar Church. He had been a resident of Chacko Homes since 2003.

The Fellowship House expresses its heartfelt condolences and prayers.



(1934-2026)

• മുഖമൊഴി •

രാജൻ മുതൽ നിതിൻ രാജ് വരെ: വേദനിപ്പിക്കുന്ന കാമ്പസ് മരണങ്ങൾ

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളജിലെ ഒന്നാം വർഷ ബി.ഡി.എസ്. വിദ്യാർത്ഥി നിതിൻ രാജിന്റെ മരണം സമൂഹമനഃസാക്ഷിക്കേൽപിച്ച ആഘാതം വളരെ വലുതായിരുന്നു. ഏപ്രിൽ 10 ന് കോളജ് കെട്ടിടത്തിൽ നിന്നു വീണു മരിച്ചനിലയിലാണ് നിതിനെ കണ്ടത്. റാഗിങ്ങ് മൂലവും വിദ്യാർത്ഥി സംഘർഷങ്ങളിലും ഒട്ടേറെ വിദ്യാർത്ഥികൾ കാമ്പസുകളിൽ രക്തസാക്ഷികളായിട്ടുണ്ട്. സിദ്ധാർത്ഥിന്റെയും അഭിമന്യുവിന്റെയുമൊക്കെ മരണം ഇത്തരത്തിൽ കേരളക്കരയുടെ ആകെ നൊമ്പരമായി മാറിയ കാമ്പസ് മരണങ്ങളാണ്. അവരുടെ അമ്മമാരുടെ നിലയ്ക്കാത്ത നിലവിളികൾ സമൂഹത്തിന്റെ പൊതുബോധത്തിൽ ഇപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. "നാൻ പെറ്റ മകനേ..." എന്ന അഭിമന്യുവിന്റെ അമ്മയുടെ ഹൃദയഭേദകമായ നിലവിളി ഒരിക്കലുമടങ്ങാത്ത നോവായി ഇപ്പോഴും അലയടിക്കുന്നു. അടിയന്തിരാവസ്ഥക്കാലത്ത് കൊല ചെയ്യപ്പെട്ട രാജന്റെ മരണമാകും കേരളത്തെ ഏറ്റവും പിടിച്ചുലച്ച കാമ്പസ് മരണം. "നിഷ്കളങ്കനായ എന്റെ കുഞ്ഞിനെ, മരിച്ചിട്ടും നിങ്ങളെന്തിനാണ് മഴയത്തു നിർത്തിയിരിക്കുന്നത്?" എന്ന രാജന്റെ പിതാവ് ഈച്ചരവാര്യരുടെ ചോദ്യം (ഒരച്ഛന്റെ ഓർമ്മക്കുറിപ്പുകൾ) ചരിത്രത്തിലെ വലിയ മുറിപ്പാടാണ്.

ഈ സങ്കടമരണങ്ങളുടെ പരമ്പര, കാമ്പസുകളിലിപ്പോഴും തുടരുന്നുവെന്നാണ് നിതിന്റെ മരണം തെളിയിക്കുന്നത്. മേൽ പരാമർശിച്ച മരണങ്ങളെക്കാൾ നിതിന്റെ മരണം നമ്മെ വേദനിപ്പിക്കുന്നത് അവനെ മരണത്തിലേക്കു നയിച്ചത് അവന്റെ അധ്യാപകർ തന്നെയായിരുന്നു എന്ന യാഥാർത്ഥ്യമാണ്. നിറത്തിന്റെയും ജാതിയുടെയും പേരിൽ സഹപാഠികൾക്കു മുന്നിൽ അധ്യാപകർ നടത്തിയ നിരന്തര അധിക്ഷേപങ്ങളാണ് അവനെ മരണത്തിലേക്ക് തള്ളിവിട്ടതെന്നു പറയുന്നു. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ വംശീയ വേർതിരിവും ജാത്യധിക്ഷേപവും ഇപ്പോഴും നിലനിൽക്കുന്നുവെന്നത് സാക്ഷര കേരളത്തിന് അപമാനമാണ്. പ്രിയശിഷ്യന്റെ ഭാവി ഭദ്രമാക്കാൻ അവനെക്കാൾ സമർത്ഥനായ കീഴാള വിദ്യാർത്ഥിയുടെ വലങ്കയ്യിലെ പെരുവിരൽ ദക്ഷിണയായി ചോദിച്ച കുബുദ്ധികളായ ആചാര്യന്മാരുടെ പരമ്പരയിൽ ഇപ്പോഴും പടുമുളകൾ ജനിക്കുന്നുവെന്നതാണ് അധിക്ഷേപാർഹമായിട്ടുള്ളത്.

കേന്ദ്ര സർവ്വകലാശാലയിലെ ദലിത് വിദ്യാർത്ഥിയായിരുന്ന രോഹിത് വെമൂലയുടെ ആത്മഹത്യയും സമാന സാഹചര്യത്തിലായിരുന്നു. "ഞാൻ ജനിച്ചു എന്നതാണ് ഞാൻ ചെയ്ത തെറ്റ്" എന്നെഴുതി വെച്ച് ആത്മഹത്യ ചെയ്ത രോഹിത് വെമൂലയുടെ ചരിത്രം പോലെ നിതിന്റെ മരണവും നിശ്ശബ്ദതയുടെ ചരിത്രമാകും. ഒരു ദലിത് കുടുംബത്തിന്റെ ഏകപ്രതീക്ഷയാണ് വംശീയ വിദ്വേഷത്തിനിരയായി നിറയൗവനത്തിൽ അസ്തമിച്ചുപോയത്. നിതിൻ രാജിന്റെ കുടുംബത്തിന് നീതി നടപ്പാക്കി കൊടുക്കാൻ പുതിയ ഭരണകൂടത്തിന് കഴിയണം. അല്ലെങ്കിൽ, ദുർബ്ബല വിഭാഗങ്ങളുടെ മനുഷ്യാവകാശങ്ങൾക്കും അന്തസ്സിനും പുല്ലുവില കല്പിക്കുന്ന ഒരു നാടിനെ ഒരിക്കലും നാമിനി ദൈവത്തിന്റെ സ്വന്തം നാടെന്ന് തള്ളി മറിക്കരുത്! ◎

സമകാലികം

എം.ജെ. ജിൻസ്

ഇനിയും ചാവാത്ത ജാതി

"മുൻപിലിരിക്കുന്ന കുട്ടി തന്റെ സ്വന്തം കുട്ടിയല്ല എന്നു തോന്നുന്ന നിമിഷം അധ്യാപകൻ വിദ്യാലയത്തിന്റെ പടിയിറങ്ങണം."

- ഗുരു നിത്യചൈതന്യയതി

ഹെയിം ജിനോട്ടിന്റെ (Haim Ginott) 'Between Parent and Child' ലോകമാകെ വായിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങളിലൊന്നാണ്. പുസ്തകത്തിൽ അധ്യാപകരെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുന്നൊരു ഭാഗത്ത് ജിനോട്ട് ഇങ്ങനെ എഴുതുന്നുണ്ട്: "ക്രൂരതയുടെ മറുപേരായിരുന്ന ഒരു കോൺസൻട്രേഷൻ ക്യാമ്പിൽ നിന്നും രക്ഷപെട്ടയാളാണ് ഞാൻ. വിശ്വസിക്കാനാവാത്ത പല കാഴ്ചകളും എന്റെ കണ്ണുകൾ കണ്ടിട്ടുണ്ട്. ഗ്യാസ് ചേംബറുകൾ നിർമ്മിക്കുന്ന വിദ്യാസമ്പന്നരായ എഞ്ചിനീയർമാർ, കുട്ടികളെ വിഷം കുത്തിവെച്ച് കൊല്ലുന്ന ഡോക്ടർമാർ, സ്ത്രീകളെയും കുഞ്ഞുങ്ങളെയും നിർദ്ദയമായി കൊന്നു തള്ളുന്ന ബിരുദധാരികൾ...

നമ്മുടെ വിദ്യാഭ്യാസ നയങ്ങളെക്കുറിച്ച് എനിക്ക് വലിയ ആശങ്കയുണ്ട്. ഞാൻ നിങ്ങളോട് താഴ്മയോടെ അഭ്യർത്ഥിക്കുകയാണ്, മുന്നിലിരിക്കുന്ന കുട്ടികളെ മനുഷ്യരാവാൻ സഹായിക്കുക. നിങ്ങളുടെ പരിശ്രമം ഒരിക്കലും കഠിനഹൃദയരായ മതതീവ്രവാദികളെയും വിദഗ്ദ്ധരായ മനോരോഗികളെയും വിദ്യാസമ്പന്നരായ നിരക്ഷരരേയും സൃഷ്ടിക്കുക എന്നതാകരുത്."

ജിനോട്ടിന്റെ പുസ്തകത്തെ ഇപ്പോൾ ഓർക്കാൻ കാരണം, കണ്ണൂർ ഡെന്റൽ കോളജിലെ ഒന്നാം വർഷ ബി.ഡി.എസ്. വിദ്യാർത്ഥിയായിരുന്ന നിതിൻ രാജിന്റെ അതീവസങ്കടകരമായ ആത്മഹത്യയാണ്. ജാതി, നിറം, അച്ഛന്റെ തൊഴിൽ തുടങ്ങിയവയുടെ പേരിൽ വലിയ പരിഹാസങ്ങളും അധിക്ഷേപങ്ങളും നേരിട്ടിരുന്നുവത്രേ ഈ വിദ്യാർത്ഥി. നിതിന്റെ ദാരുണമായ മരണത്തെത്തുടർന്ന് ഇപ്പോൾ രണ്ട് അധ്യാപകർ സസ്പെൻഷനിൽ ആയിട്ടുണ്ട്.

ഈ 2026-ൽ നിറവും ജാതിയും പിതാവിന്റെ തൊഴിലും മൂലം മിടുക്കനായൊരു വിദ്യാർത്ഥിക്ക് തന്റെ ജീവിതം അവസാനിപ്പിക്കേണ്ടി വന്നുവെങ്കിൽ, നവോത്ഥാന കേരളം / പുരോഗമന കേരളം തുടങ്ങിയ പദങ്ങളൊക്കെ കേവലം പരിഹാസ്യ പദങ്ങളാണെന്നു പറയേണ്ടിവരും. സർവ്വ വിധ ഭേദചിന്തകൾക്കുമപ്പുറം നമ്മളെല്ലാം മനുഷ്യരെന്നും സഹോദരരെന്നും മനസിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ പഠിച്ചതുകൊണ്ടും പഠിപ്പിക്കുന്നതുകൊണ്ടുമൊക്കെ എന്തു പ്രയോജനം? ഇത്തരം അധ്യാപകർ കലാലയങ്ങളിൽ എന്നല്ല, ആധുനിക ജീവിത പരിസരങ്ങളിൽ പോലും ഉണ്ടാവാൻ പാടില്ല.

'നിങ്ങളേതു ദിശയിലേക്കു തിരിഞ്ഞാലും നിങ്ങളുടെ വഴിമുടക്കുന്ന നികൃഷ്ട ജന്തുവായി ജാതിയുണ്ടാകും. ആ ജീവിയെ കൊല്ലാതെ നിങ്ങൾക്ക് രാഷ്ട്രീയവും സാമൂഹികവുമായ പരിഷ്കരണങ്ങൾ സാധ്യമല്ല, എന്ന് അംബേദ്കർ പറഞ്ഞിട്ടുണ്ട്.

ജാതിയുടെ പേരിലുള്ള വേർതിരിവുകൾ ഇല്ലാതാക്കുക എന്നത് ആ വേർതിരിവുകൾ അനുഭവിക്കേണ്ടി വരുന്നവരുടെ മാത്രം ആവശ്യമല്ല, മനുഷ്യസാഹോദര്യത്തിലും സമത്വത്തിലും വിശ്വസിക്കുന്ന സർവ്വരുടെയും ആവശ്യമാണ്. ആ ബോധ്യത്തിൽ വളരാൻ, ആ ബോധത്തെ വളർത്താൻ സഹായിക്കുന്നതാവട്ടെ നമ്മുടെ വിദ്യാഭ്യാസം. അക്ഷരമറിയാമായിരുന്ന പ്രാകൃത മനുഷ്യരെന്ന് വരുംതലമുറ നമ്മെക്കുറിച്ച് പറയാതിരിക്കട്ടെ!

കവർസ്റ്റോറി

ഡോ. പോൾ മണലിൽ

സങ്കീർത്തനങ്ങളുടെ സ്നേഹപ്രകാശം

ദൈവവുമായുള്ള ഉടമ്പടിയുടെ ഒരു വേദശാസ്ത്ര പ്രകീർത്തനമാണ് "ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ" എന്ന അപേക്ഷയിൽ അന്തർലീനമായിരിക്കുന്നത്. എൺപതാം സങ്കീർത്തനം മൂന്നാം വാക്യം തുടർന്നു പൂരിതമാകുന്നത്, "ഞങ്ങൾ രക്ഷപ്പെടേണ്ടതിനു തിരുമുഖം പ്രകാശിപ്പിക്കേണമേ" എന്ന വാചകത്തോടെയാണ്. ആഴത്തിലുള്ള അർത്ഥവും ആശയവും അടങ്ങിയിരിക്കുന്ന ഒരു വേദഭാഗമാണിത്. ദൈവഭക്തന്റെ ഹൃദയത്തുടിപ്പുകൾ എന്നു വിശേഷിപ്പിക്കാവുന്ന തരത്തിൽ ഈ സങ്കീർത്തനത്തിന്റെ മാസ്മരികത നമ്മെ നിരന്തരം പുണരുന്നുണ്ട്.

ഇംഗ്ലീഷിൽ ഈ വാക്യം തുടങ്ങുന്നതു "Restore us" എന്ന വാക്കുകളോടെയാണ്. യഥാസ്ഥാനപ്പെടുത്തുക, പുനഃസ്ഥാപിക്കുക, മടങ്ങിവരിക എന്നിങ്ങനെയെല്ലാം Restore നു അർത്ഥമുണ്ട്. ''യഥാസ്ഥാനപ്പെടുത്തേണമേ" എന്ന് അപേക്ഷിക്കുമ്പോൾ ഒരു കാര്യം വ്യക്തമാണ്: നമ്മൾ യഥാസ്ഥാനത്തല്ല നിൽക്കുന്നത്. അതായതു നിൽക്കേണ്ട സ്ഥാനത്തു നിന്നു വ്യതിചലിച്ച് നമ്മൾ മറ്റൊരിടത്തു നിലകൊള്ളുന്നു എന്നാണ് ഈ വാക്കിന്റെ അർത്ഥസൂചന.

ഏതൊരു വ്യക്തിയുടെയും ജീവിതത്തിലൂടെ കണ്ണോടിച്ചാൽ ഇക്കാര്യം ബോധ്യപ്പെടും. നമ്മൾ നടക്കേണ്ട വഴിയിലൂടെയും നമ്മൾ ലക്ഷ്യമാക്കേണ്ട ഇടങ്ങളിലേക്കും പോകാതെയാണ് നാം ജീവിക്കുന്നത്. അതിനാൽ നമ്മുടെ ക്രമം തെറ്റിയ ജീവിതത്തിനു ഒരു പുനഃസ്ഥാപനം ആവശ്യമായിരിക്കുന്നു. അതാണ് ഈ സങ്കീർത്തനത്തിലെ അപേക്ഷയുടെ പൊരുൾ.

നമ്മൾ ജീവിതത്തിൽ യഥാസ്ഥാനങ്ങളിലും ഇടങ്ങളിലും കൂട്ടുകെട്ടിലും നിൽക്കാത്തതുകൊണ്ട് നിരാശയും പരാജയഭീതിയും വേറാക്കൂറും വിരക്തിയും ആലസ്യവും ശൂന്യതയും ഉണ്ടാകാറുണ്ട്. "ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ"

എന്ന അപേക്ഷ അതിനാൽ യഥാസ്ഥാനങ്ങളിൽ നിന്നു വ്യതിചലിക്കപ്പെട്ട ജനതയുടെ വിലാപമാണ്.

ഈ സങ്കീർത്തനം ചരിത്രപരമായ ഒരു ധർമ്മസങ്കടത്തിന്റെ രേഖാചിത്രം കൂടിയാണ്. ക്രിസ്തുവിനു മുമ്പ്, അതായതു ബി.സി. 721-ൽ അസീറിയൻ സൈന്യം ഇസ്രായേലിന്റെ വടക്കൻ ദേശത്തെ കീഴടക്കുകയുണ്ടായി. ഇസ്രായേലിന്റെ ഒരു പ്രതിസന്ധിഘട്ടമായിരുന്നു അത്. എൺപതാം സങ്കീർത്തനത്തിന്റെ ആദ്യവാക്യങ്ങളിൽ നിന്നു അക്കാര്യം വ്യക്തമാണ്. "എഫ്രേയീമും ബെന്യാമീനും മനശ്ശെയും കാൺകെ നിന്റെ വീര്യബലം ഉണർത്തി ഞങ്ങളുടെ രക്ഷയ്ക്കായി വരണമേ" എന്നാണ് ആസാഫിന്റെ ഈ സങ്കീർത്തനത്തിൽ പറയുന്നത്. ഈ മൂന്നു ഗോത്രങ്ങളും ദൈവജനമാണ്. ഇസ്രായേലിന്റെ വടക്കൻ ദേശത്തിന്റെ പതനം മൂലം ദൈവജനം ഇപ്പോൾ ദുരിതത്തിലാണ്. ദൈവത്തിന്റെ ഉടമ്പടി ബന്ധത്തിലാണ് ഇസ്രായേൽ ജനത മുമ്പ് കനാൻ നാട്ടിലേക്ക് പുറപ്പെട്ടത്. ദൈവജനത്തിന്റെ അന്നത്തെ പുറപ്പാട് യഥാസ്ഥാനത്തു പ്രതിഷ്ഠിക്കപ്പെടാനുള്ള ഒരു ഉടമ്പടിയെ മുൻനിർത്തിയുള്ളതായിരുന്നു. 'Restore' എന്ന സങ്കല്പം അന്നു മുതലുള്ളതാണ്.

ദൈവജനത്തെ പുറപ്പാട് കാലത്തു യഥാസ്ഥാനത്തു പ്രതിഷ്ഠിച്ചെങ്കിലും ഇപ്പോൾ അസീറിയൻ സൈന്യവും ബാബിലോണിയൻ സൈന്യവും റാഹേലിന്റെ മക്കളുടെ ഗോത്രങ്ങളും കനാൻ സങ്കല്പത്തെ തകർക്കാൻ എത്തിയിരിക്കുകയാണ്. അതിന്റെ ഖിന്നതയാണ് "ദൈവമേ, ഞങ്ങളെ യഥാസ്ഥാനത്താക്കേണമേ" എന്ന പ്രാർത്ഥനയിൽ ഉയർന്നുകേട്ടിരിക്കുന്നത്.

ഈ പ്രാർത്ഥനയിലെ ചരിത്രപരമായ ഒരു വസ്തുത ഇതിലെ രാഷ്ട്രീയമാണെങ്കിലും രാഷ്ട്രീയമായ ഒരു നിലനിൽപിനു വേണ്ടി മാത്രമല്ല സങ്കീർത്തനക്കാരൻ വിലപിക്കുന്നത്. ദൈവവുമായുള്ള ഉടമ്പടി വീണ്ടും പുതുക്കാനുള്ള പ്രാർത്ഥനയാണ് ഇതിൽ അന്തർലീനമായിരിക്കുന്നത്. ഇവിടെ, എന്തുകൊണ്ടാണ് യഥാസ്ഥാനത്തു നിന്നു എഫ്രേം, ബെന്യാമിൻ, മനശ്ശെ ഗോത്രങ്ങൾ വ്യതിചലിക്കപ്പെട്ടതു എന്നൊരു അന്വേഷണമൊന്നും നടത്തുന്നില്ല. അതു നമ്മുടെ ആത്മപരിശോധനയ്ക്കു വിധേയമാക്കാനുള്ള വിഷയമാണ്. എന്തായാലും ശത്രുക്കൾ ഇപ്പോൾ ദൈവജനത്തെ കീഴടക്കിയിരിക്കുന്നു.

യഥാസ്ഥാനങ്ങളിൽ നിലകൊള്ളാൻ സ്വന്തമായി കരുത്തും ബുദ്ധിയും വിവേചനവും അവർക്കു നഷ്ടപ്പെട്ടു. അതിനാൽ സങ്കീർത്തനക്കാരൻ അപേക്ഷിക്കുന്നതു ഒരു വീണ്ടെടുപ്പാണ്. അതിനു

ദൈവം കരങ്ങൾ നീട്ടണം. വീണ്ടെടുപ്പിന്റെ കരങ്ങൾ നീട്ടിയാൽ മാത്രമേ അവർക്കു രക്ഷപെടാൻ കഴിയൂ എന്നാണ് സങ്കീർത്തനക്കാരൻ വിലപിക്കുന്നത്. അതിനുവേണ്ടിയാണ് "ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ" എന്ന് കേണപേക്ഷിക്കുന്നത്.

> നമ്മുടെ പ്രാർത്ഥനകൾ ദൈവം കേൾക്കാതിരിക്കുമോ? ഇസ്രായേലിന്റെ ഇടയനോട് സങ്കീർത്തനക്കാരന്റെ പ്രാർത്ഥന, തന്റെ വിലാപം "ചെവിക്കൊള്ളണമേ" എന്നാണ്. യഹോവ തന്റെ പ്രാർത്ഥന കേൾക്കുന്നില്ലെന്നൊരു തോന്നൽ അതിലുണ്ട്. എന്നാൽ ഇസ്രായേലിന്റെ ഇടയൻ ജനത്തോടുകൂടി നടക്കുന്ന ഇടയനാണ്. സർവ്വാതിശായിയായ ദൈവം അപ്രകാരം ജനങ്ങൾക്കു സമീപസ്ഥനാണ്.

ഈ സങ്കീർത്തനം പരാമർശിക്കുന്ന പ്രത്യേകമായൊരു വിശേഷണമുണ്ട് - കെരൂബുകളിൻമേൽ അധിവസിക്കുന്നവൻ. ദൈവസാന്നിധ്യവും ദൈവത്തിന്റെ ശക്തിയും സംപ്രേഷണം ചെയ്യുന്ന പദമാണ് കെരൂബ് എന്നുള്ളത്. കെരൂബുകളിൻമേൽ അധിവസിക്കുന്നവനേ പ്രകാശിക്കേണമേ എന്നും സങ്കീർത്തനക്കാരൻ വിലപിക്കുന്നുണ്ട്: യഹോവയ്ക്കു ഇഷ്ടം തോന്നിയാൽ മാത്രമേ തിരുമുഖം പ്രകാശിക്കുകയുള്ളൂ. തിരുമുഖം പ്രകാശിക്കുക എന്നാൽ തിരുപ്രസാദമാണ്.

പ്രകാശത്തിലൂടെ ഇസ്രായേൽ ജനതയ്ക്കു കൃപയും അനുഗ്രഹവും ലഭിക്കുമെന്നാണ് സങ്കീർത്തനക്കാരൻ പ്രത്യാശിക്കുന്നത്. ദൈവത്തിന്റെ കൃപ ലഭിച്ചാൽ ജീവിതത്തിലെ ദുരിതങ്ങളും ദുരന്തങ്ങളും ദുഃഖങ്ങളും പോയ്മറയും. ജീവിതത്തിലെ പ്രതിസന്ധികളെ അതിജീവിച്ചുകഴിഞ്ഞാൽ എല്ലാം പഴയതുപോലെയാകുമെന്നാണ് പ്രതീക്ഷ. എല്ലാം യഥാസ്ഥാനത്താകും. തകിടം മറിഞ്ഞതെല്ലാം പുനഃസ്ഥാപിക്കപ്പെടും. അതിനാലാണ് തന്റെ സങ്കീർത്തനം ചെവിക്കൊള്ളണമെന്നും അതുകേട്ട് തിരുമുഖം പ്രസാദിക്കണമെന്നും പറയുന്നത്. "ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ" എന്ന പ്രാർത്ഥന ഇപ്രകാരം ദൈവവുമായുള്ള ഉടമ്പടിയുടെ പുനഃസ്ഥാപന പ്രഘോഷണമാണ്.

ഈ സങ്കീർത്തനത്തിൽ നിന്നു തിരിച്ചറിയേണ്ടതും മനസ്സിലാക്കേണ്ടതുമായ ചില കാര്യങ്ങളുണ്ട്. ദൈവവുമായി അനുരഞ്ജനപ്പെടാനുള്ള മനുഷ്യന്റെ ഇച്ഛാശക്തിയാണ് അതിൽ പ്രധാനപ്പെട്ടത്. വിശ്വാസത്തോടെ ദൈവവുമായുള്ള ബന്ധത്തിന്റെ ഉടമ്പടി പുതുക്കാനുള്ള സന്നദ്ധതയാണ് മറ്റൊരു കാര്യം. ദൈവികമായ വരപ്രസാദം അനുഭവവേദ്യമാക്കാൻ തിന്മയിൽ നിന്നു ജനത മോചനം പ്രാപിക്കണം. എങ്കിൽ മാത്രമേ നഷ്ടപ്പെട്ട പ്രതീക്ഷയും പ്രത്യാശയും ജീവിതത്തിൽ പുനഃസ്ഥാപിക്കാൻ കഴിയൂ.

ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേയെന്നുള്ള വിലാപം എല്ലാ കാലത്തെയും മുൻനിർത്തിയുള്ള മനുഷ്യന്റെ ഒരു നിലവിളിയാണ്. ദൈവമുഖം പ്രകാശിക്കുമ്പോൾ നമ്മുടെ മനസ്സിലെ ഇരുട്ടുകൾ എല്ലാം അപ്രത്യക്ഷമാകുമെന്നു സങ്കീർത്തനക്കാരൻ പ്രത്യാശിക്കുന്നു. ദൈവകൃപയെ വീണ്ടെടുക്കാനുള്ള ഈ പ്രാർത്ഥനയിലൂടെ ആത്മീയജീവിതത്തെ പുതുക്കാൻ കഴിയുന്ന അനുഭവത്തിലേക്കു നമുക്കു മുഖം തിരിക്കാം. ◉

Scan QR Code
For Website

GPS®

GLOBAL PUBLIC SCHOOL

KOCHI

Offers Exciting Pathways To Success

Choose the best fit for your children's unique learning style and make them future ready.
We groom well-rounded world citizens.

RESIDENTIAL FACILITIES AVAILABLE

GLOBAL EDUCATION TRUST OFFERS

global public school®
GLOBAL VISION. TRADITIONAL VALUES.
CBSE

STEPPING STONES
KINDERGARTEN

GPS - International
a division of Global Education Trust
CAMBRIDGE

GPS Brookes Kochi
IB

For details : +91 (484),2713743/45/46 Follow Us On : www.globalpublicschool.org

വഴിവിളക്ക്

ഫാ. ജോണി ജോർജ്
കോർ എപ്പിസ്കോപ്പാ

ശൂന്യമാക്കലും പൂർണ്ണമാക്കലും



'തൽമൂദ്' (Talmud) യഹൂദന്മാരുടെ ഒരു പ്രാമാണിക ഗ്രന്ഥമാണ്. അനേകം ധാർമ്മികപാഠങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു. അനുദിനജീവിതത്തിൽ പിൻതുടരേണ്ട നിരവധി ഉത്തമ കാര്യങ്ങൾ അതിൽ പ്രതിപാദിച്ചിരിക്കുന്നു. അതിലൊന്ന് ഇപ്രകാരമാണ്. പ്രവാചകനായ ഏലിയാവ് റാബായി സിമറോൻ ബൻ യോഹായിയുടെ പാർപ്പിട ഗുഹയുടെ കവാടത്തിൽ നിൽക്കുകയാണ്. ഈ സമയത്ത് റാബായി യോശുവ ബൻ ലേവി ആ വഴി വന്നു. അദ്ദേഹം പ്രവാചകനോട് ചോദിച്ചു: "മ്ശിഹാ എപ്പോഴാണ് വരുന്നത്?" പ്രവാചകൻ ഉത്തരം നൽകി: "നീ തന്നെ ചെന്ന് അദ്ദേഹത്തോട് ചോദിക്കുക.'' റാബായി തിരിച്ച് ചോദിച്ചു: "അദ്ദേഹം എവിടെയാണുള്ളത്?" പ്രവാചകൻ പറഞ്ഞു: "നഗരകവാടത്തിൽ നിൽപുണ്ട്.'' റാബായി ചോദിച്ചു: "എങ്ങനെയാണ് അദ്ദേഹത്തെ തിരിച്ചറിയുക?" ഏലിയാവ് ഇങ്ങനെ പറഞ്ഞു: "പട്ടിണിപ്പാവങ്ങളുടെ ഇടയിൽ നിൽക്കുന്ന അവനെ വേഗത്തിൽ കണ്ടെത്താൻ കഴിയും. മറ്റുള്ളവർ മുറിവിലും വ്രണത്തിലും കെട്ടിയിരിക്കുന്ന തുണിക്കഷണങ്ങൾ എല്ലാം ഒന്നിച്ച് അഴിച്ചുകൊടുക്കുമ്പോൾ ഒരാൾ മുറിവിൽ കെട്ടിയിരിക്കുന്ന ഒരു തുണിക്കഷണം മാത്രം അഴിച്ചു മാറ്റുന്നു. അയാൾ പറയുന്നു: 'ഒരു പക്ഷേ, സഹായം തേടി ആരെങ്കിലും എന്റെ അടുക്കൽ വന്നേക്കാം. ഞാൻ പോകാൻ റെഡിയായിരിക്കണം." എല്ലാ മുറിവുകളിൽ നിന്നും കെട്ട് ഒന്നിച്ചു അഴിച്ചുമാറ്റിയാൽ വ്രണം വൃത്തിയാക്കിയതിനുശേഷം തിരിച്ചുകെട്ടാൻ സമയം കിട്ടിയില്ലെങ്കിലോ! ഇതായിരുന്നു അയാളുടെ ചിന്ത.

പ്രസിദ്ധ അമേരിക്കൻ പ്രബോധകനായ ഹെൻട്രി നൂവന്റെ (Hentry Neuven) 'മുറിവേറ്റ സൗഖ്യദായകൻ' (Wounded Healer) എന്ന ആശയം വളരെ ശ്രദ്ധേയമാണ്. വേദന അനുഭവിച്ചവനേ മറ്റുള്ളവന്റെ വേദനയിൽ സഹാനുഭൂതി പ്രകടിപ്പിക്കാനാകൂ. Sympathy അല്ല Empathy ഉണ്ടാകണമെങ്കിൽ വേദന, ദുഃഖം, ദാരിദ്ര്യം, ഏകാന്തത തുടങ്ങിയ അനുഭവങ്ങളിൽ കൂടി കടന്നുപോകണം.

ഗ്രീക്കുഭാഷയിലെ രണ്ടുവാക്കുകൾ ജീവിതാനുഭവത്തിന്റെ ഒരേ കാര്യത്തെ രണ്ടു വശങ്ങളിൽ കൂടി വ്യക്തമാക്കുന്നവയാണ്. ഒന്ന്, കെനോസിസ് (Kenosis - ശൂന്യമാക്കൽ) രണ്ട്, പ്ലെരോമ -(Pleroma പൂർണ്ണമാക്കൽ). ഇവ രണ്ടും പൗലോസ് ശ്ലീഹാ ഉപയോഗിച്ചിരിക്കുന്നു. വേദനയെ തികച്ചും വ്യത്യസ്തമാക്കി കാണിക്കുന്നു; യാതനയ്ക്ക് അഥവാ ദുരിതത്തിന് നവമായൊരു അർത്ഥതലം നൽകുന്നു. ഒരാൾ ഇന്നനുഭവിക്കുന്ന കാര്യങ്ങൾ അയാളിൽനിന്ന് എടുത്തുകളയുമ്പോൾ അത് ശൂന്യമാക്കലാണ്. അതിന് ആദ്ധ്യാത്മിക / ലൗകിക അർത്ഥ തലങ്ങളുണ്ടാകാം / തൽസ്ഥാനം കഠിനമായ പ്രയത്നം മൂലം ആത്മചൈതന്യം കൊണ്ട് നിറയ്ക്കുന്നത് പൂർണ്ണമാക്കലാണ്. ക്രൂശാരോഹണത്തിന് മുമ്പ് കർത്താവ് നടത്തിയ പ്രാർത്ഥനയെപ്പറ്റി വി. ലൂക്കോസ് ഇങ്ങനെ പറയുന്നു: "പിതാവേ! നിനക്ക് മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്ന് നീക്കേണമെ. എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം പോലെ ആകട്ടെ. അവനെ ശക്തിപ്പെടുത്തുവാൻ ഒരു ദൂതൻ പ്രത്യക്ഷനായി. അവന്റെ വിയർപ്പ് വലിയ ചോരത്തുള്ളി പോലെയായി" (വി. ലൂക്കോസ് 22:41).

ചിരിയും ചിന്തയും

പ്രമോദ് ശങ്കുണ്ണി

സമ്മിശ്ര ഗന്ധങ്ങളുടെ കൊളാഷ്

ഗന്ധസ്യോപരി, പുഷ്പം, നമ:. ..... (ചന്ദനം ചാർത്തിയതിനു മുകളിൽ പുഷ്പം സമർപ്പിക്കുന്നു). പൂജാവിധികളുടെ ഭാഗമായി ചൊല്ലുന്ന "ഗന്ധസ്യോപരി പുഷ്പം നമ:" എന്ന മന്ത്രഭാഗം ജീവിത ത്തിലെ മറ്റ് ചില സന്ദർഭങ്ങളിലും അറിയാതെ ഓർത്തു പോകും. ചില സ്ഥലങ്ങൾക്ക് ചില സവി ശേഷ ഗന്ധങ്ങളുടെ ഐഡന്റിറ്റി ഉണ്ട്. മട്ടാഞ്ചേരി ജൂ ടൗണിലെ പാണ്ടികശാലയുടെ മുന്നിലൂടെ പോകുമ്പോൾ ചുക്കിന്റെയും കുരുമുളകിന്റെയും പ്രാക്തനഗന്ധങ്ങളുടെ നിഗൂഢ അറകളിലേക്ക് നമ്മുടെ മനസ്സ് അറിയാതെ ഊളിയിട്ടുപോകും. അവ ചരിത്രത്തിന്റെ അടരുകളിലേക്കും ആഭിചാര ക്രിയകളിലേക്കും കീഴടക്കലുകളിലേക്കും വെട്ടിപ്പിടുത്തങ്ങളിലേക്കും രഹസ്യ ലിപികളുടെ കാണാക്കയങ്ങളിലേക്കും നമ്മെ നയിക്കും. കലൂരിലെ അന്തോണീസ് പുണ്യാളന്റെ മുന്നിലൂടെ ചൊവ്വാഴ്ചകളിൽ നടക്കുമ്പോൾ മിഴിനീർ കണങ്ങളായി ഉരുകിയൊലിച്ച മെഴുകുതിരിയുടെ നനവാർന്ന ഗന്ധം അരൂപിയായി നമ്മെ പൊതിയും.

ഇടപ്പള്ളിയിലെ മോഡേൺ ബ്രെഡ് ഫാക്ടറിക്ക് മുന്നിലൂടെയുള്ള യാത്രയിൽ മൊരിഞ്ഞ ബ്രെഡിൽ പൊതിഞ്ഞ വിശപ്പിന്റെ ഗന്ധം രസനയിൽ ചേക്കേറും... മുരുകൻ കോവിലിലെ കർപ്പൂര ആരതി അജ്ഞാതമായ മോക്ഷ കവാടത്തിലേക്ക് മനസ്സിനെ നയിക്കും. ചമ്പക്കരയിലെ മീൻ മാർക്കറ്റിൽ നിന്നുള്ള മീൻചൂര് അതിജീവനത്തിന്റെ ഹിരണ്മയ ചെതുമ്പലുകളായി കലമ്പും... ഡിണ്ടിഗലിൽ നിന്ന് ടീ ഗാർഡൻ എക്സ്പ്രസ്സിൽ ടിക്കറ്റെടുക്കാതെ കള്ളവണ്ടി കയറി വരുന്ന മുല്ലപ്പൂ

ക്കളുടെ മന്മഥ മദഗന്ധം പൂക്കാരൻ മുക്കിലെ കടയിലിരുന്ന് നതാംഗിമാരെ ചൂളമടിച്ച് വിളിക്കും. സാമ്പ്രാണിത്തിരിയുടെ രൂക്ഷ ഗന്ധം പരേതന്റെ പരിദേവന ങ്ങളുടെ ചുരുളുകളായി മരണ വീടിന്റെ തേങ്ങലുകളാകും.

എറണാകുളം മാർക്കറ്റിന് സമീപത്തെ ചന്തത്തോട്ടിലെ സമ്മിശ്രഗന്ധങ്ങളുടെ കൊളാഷ്. കരിന്തുളസിയും ഉള്ളിയും ഇട്ട് മൂപ്പിച്ച് കാച്ചിയ എണ്ണയുടെ നിർമ്മല സൗകുമാര്യം വഹിക്കുന്ന നാണം കുണുങ്ങിയായ നാട്ടിൻ പുറത്തുകാരി. സാഗരഗർഭങ്ങളിൽ നിന്ന് വിരുന്ന് വരുന്ന നെയ്ച്ചാളകൾ കുരുമുളക് പേസ്റ്റിന്റെ സ്വിമ്മിംഗ് സ്യൂട്ടിൽ നീന്തിത്തുടിക്കുമ്പോൾ ഉയരുന്ന സ്വയമ്പൻ ഗന്ധം. ഓ... ഇനി... വയ്യ... മതി...

തെരണ്ടിവാൽ കഷണം : നമ്പൂതിരിയും കാര്യസ്ഥനും നേരമ്പോക്കിന് ഗമിക്കുകയാണ്. അപ്പോഴാണ് മീൻ പൊരിക്കുന്നതിന്റെ ഗന്ധം ഇരുവർക്കും അനുഭവവേദ്യമായത്. സസ്യഭുക്കായ നമ്പൂതിരി മൂക്ക് പൊത്തിപ്പിടിച്ചു. കാര്യസ്ഥനും ഇപ്രകാരം മൂക്ക് പൊത്തിപ്പിടിച്ചിരിക്കുന്നതു കണ്ട് നമ്പൂതിരി കാര്യസ്ഥനോട് ചോദിച്ചു. "നോം മൂക്ക് പൊത്തിയത് മത്സ്യത്തിന്റെ രൂക്ഷമായ ഗന്ധം സഹിക്കുവാൻ താൽപ്പര്യമില്ലാത്തതു കൊണ്ടാണ്. എന്നാൽ താൻ അങ്ങനെയല്ലല്ലോ. മൂന്ന് നേരവും മീൻ കറിയിൽ മുങ്ങാംകുഴിയിടുന്ന വനാണല്ലോ. പിന്നെ എന്തിനാണ് മൂക്ക് പൊത്തിയത്? കാര്യസ്ഥൻ വായും മൂക്കും പൊത്തിക്കൊണ്ട് തന്നെ മറുപടി പറഞ്ഞു. മൂക്കിനുള്ളിലേക്ക് കയറിയ മീൻ വറുത്തതിന്റെ ഗന്ധം പുറത്തേക്ക് ഇറങ്ങിപോകാതിരിക്കുവാൻ വേണ്ടി കൂടിയാണ് മൂക്ക് പൊത്തിയത്. ഇങ്ങനെ മണത്തെ പുറത്തേക്ക് കളയാതെ വീട്ടിലെത്തിയാൽ ഇരുനാഴി അരിയുടെ ചോറ് പള്ളയിൽ നിറയ്ക്കാം എന്നും കരുതി. ◎

ചരിത്രപ്പെരുമ

ഫാ. ഇയ്യൂബ് OIC

കോട്ടയം പഴയ സെമിനാരി: ദക്ഷിണേന്ത്യയിലെ പ്രഥമ വിദ്യാപീഠം

കോട്ടയം പട്ടണത്തിൽ നിന്ന് ഒരു മൈൽ വടക്കു പടിഞ്ഞാറായി മീനച്ചിലാറിന്റെ തീരത്ത് ഒരു തുരുത്തിൽ സ്ഥിതിചെയ്യുന്ന സ്ഥാപനമാണ് പഴയ സെമിനാരി. കോട്ടയം കോളേജ്, എസ്കൂലി (സ്കൂൾ) കോട്ടയം, ഓർത്ത ഡോക്സ് തിയോളജിക്കൽ സെമിനാരി എന്നെല്ലാം ഇതിന് വിശേഷണങ്ങൾ ഉണ്ട്. കോട്ടയത്തിന്റെ ചരിത്രത്തിലും ആധുനിക വിദ്യാഭ്യാസ ചരിത്രത്തിലും അച്ചടിയുടെ നാൾവഴികളിലും പല സുറിയാനി മതവിഭാഗങ്ങളുടെയും ഉത്ഭവചരിത്രത്തിലും ഈ സ്ഥാപനത്തിനും നാലുകെട്ടിനുമുള്ള പ്രാധാന്യം ഒട്ടും ചെറുതല്ല. ഈ പഠനം പ്രധാനമായും ഇതിന്റെ ഉത്ഭവത്തേയും ആദ്യ കാലപ്രവർത്തനങ്ങളെയും കുറിച്ചുള്ള അന്വേഷണമാണ്.

കേരളത്തിലെ ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ ഔദ്യോഗിക വസതികൂടിയായ ഈ സ്ഥാപനത്തിൽ കാണപ്പെടുന്ന മൂന്നുനില നാലുകെട്ട് മാളികയിലാണ് ദക്ഷിണ ഇൻഡ്യയിലെ പ്രഥമ ഇംഗ്ലീഷ് വിദ്യാപീഠം സ്ഥാപിതമായത്. കേരളീയർ ആദ്യമായി ഇംഗ്ലീഷ് അക്ഷരങ്ങൾ പഠിച്ചതും, ആധുനിക അച്ചടിയിലൂടെ പ്രസിദ്ധീകരണകല കേരളത്തിന് പ്രദാനം ചെയ്തബെഞ്ചമിൻ ബെയ്ലി അച്ചടി ആരംഭിച്ചതും, വിദ്യാർത്ഥികൾ ആദ്യമായി ഉടുപ്പണിഞ്ഞ് ക്ലാസ്സിൽ പോയതും സ്ത്രീകൾക്ക് സ്വത്തവകാശം നൽകുന്ന രീതി നടപ്പിലാക്കിയതും ഇവിടെ വെച്ചാണ്.

വീരമാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് തിരുവിതാംകൂർ രാജ്യം അതിവിസ്തൃതമായിത്തീർന്നു. നിരവധി പള്ളികൾ തിരുവിതാംകൂറിൽ ഉയർന്നു വന്നു. ടിപ്പുവിന്റെ ആക്രമണഫലമായി പകലോമറ്റം മെത്രാന്മാരുടെ ആസ്ഥാനമായിരുന്ന അങ്കമാലിപ്പട്ടണം നിശ്ശേഷം നശിച്ചുപോയി. പിന്നീട് മാർതോമ്മമാരുടെ ആസ്ഥാനം അവരവർ ഇരിക്കുന്ന സ്ഥലത്തെ പള്ളികളായി പരിണമിച്ചു. മലങ്കര സഭയ്ക്ക് ഒരു ആസ്ഥാനത്തിന്റെയും വൈദികരെ പരിശീലിപ്പിക്കാൻ ഒരു പഠിത്ത വീടിന്റെയും ആവശ്യകതയുള്ള സമയമായിരുന്നു അത്.

ഉത്ഭവം

1809 ൽ കണ്ടനാട് കൂടിയ യോഗത്തിൽ തെക്കും വടക്കും രണ്ടു പഠിത്തവീടുകൾ സ്ഥാപിക്കണമെന്നു നിശ്ചയിച്ചു. അതിനായി പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനേയും കായംകുളം ഫിലിപ്പോസ് റമ്പാനേയും ചുമതലപ്പെടുത്തി. പക്ഷേ കായംകുളം റമ്പാൻ പെട്ടെന്ന് ഇഹലോകവാസം വെടിഞ്ഞു. അതിനാൽ ഒരു പഠിത്തവീട് മതിയെന്നും, കേരളത്തിന്റെ മധ്യസ്ഥാനമായ കോട്ടയത്ത് വൈദിക വിദ്യാഭ്യാസ

ത്തിനും ആസ്ഥാനം ഉറപ്പിക്കുന്നതിനും, ഒരു സെമിനാരി എന്ന ആഗ്രഹം വർദ്ധമാനമായിത്തീർന്നു. ക്രിസ്ത്യാനികൾ തിങ്ങിപ്പാർക്കുന്ന ഒരു കച്ചവട കേന്ദ്രമായതു കൊണ്ടായിരിക്കാം ഇട്ടൂപ്പ് റമ്പാന്റെ സവിശേഷമായ ശ്രദ്ധയ്ക്ക് കോട്ടയം പാത്രീഭവിച്ചത്.

വട്ടിപ്പണം

കേണൽ മെക്കാളി മലങ്കര ഓർത്തഡോക്സ് സുറിയാനി മെത്രാപ്പോലീത്ത ആയിരുന്ന ആറാം മാർ ത്തോമ്മായിൽ നിന്നും പതിനായിരം രൂപയുടെ തുല്യമായ മൂവായിരം പൂവരാഹൻ കടം വാങ്ങി. പ്രസ്തുത പണം എട്ടു ശതമാനം നിരക്കനുസരിച്ച് മെത്രാപ്പോലീത്തയുടെ പേരിൽ സ്ഥിരമായി പലിശയ്ക്ക് നിക്ഷേപിച്ചുകൊണ്ടുള്ള ഒരു ഉടമ്പടി 1808 ഡിസംബർ ഒന്നാം തീയതി കേണൽ മെക്കാളി ഒപ്പിട്ടു കൊടുത്തു. വിദ്യാലയം സ്ഥാപിക്കുവാൻ പോകുന്ന സെമിനാരിയുടെ വാർഷിക ചെലവിലേക്കായി പ്രധാന മെത്രാപ്പോലീത്ത യഥാവസരം പലിശ വാങ്ങിക്കൊള്ളണമെന്ന വ്യവസ്ഥ ചെയ്തു. ഇപ്രകാരം പലിശ വാങ്ങി സെമിനാരിച്ചെലവുകൾ നടത്തണമെന്നു നിശ്ചയിച്ച തുകയാണ് പ്രസിദ്ധമായ വട്ടിപ്പണം.

മൺറോയുടെ സംഭാവന

ഒരു തികഞ്ഞ രാജ്യതന്ത്രജ്ഞനും മെക്കാളിയുടെ അനന്തരഗാമിയുമായിരുന്ന കേണൽ മൺറോ, പുലിക്കോട്ടിൽ ജോസഫ് റമ്പാന്റെ ഉദ്ദേശങ്ങൾ ഗ്രഹിച്ച് സന്തുഷ്ടനായി സെമിനാരി സ്ഥാപനത്തിന് വമ്പിച്ച സഹായങ്ങൾ ചെയ്തു. വട്ടിപ്പണത്തിന്റെ പലിശയിനത്തിൽ മൂവായിരത്തി മുന്നൂറ്റി അറുപതു രൂപ ഉടൻ തന്നെ സെമിനാരിപ്പണിക്കായി നൽകി.



കേണൽ മൺറോ

റാണി ഗൗരി ലക്ഷ്മിഭായിയുടെ സംഭാവന

മൺറോ സായിപ്പിന്റെ പ്രേരണാഫലമായി റാണി ഗൗരി ലക്ഷ്മിഭായി സെമിനാരിയുടെ ആവശ്യത്തിനായി 18 ഏക്കർ സ്ഥലം കരം ഒഴിവാക്കി കൊടുത്തു. കല്ലും മരവും സെമിനാരി പണിക്കായി കാടുകളിൽ നിന്നും വെട്ടുവാനും അനുവാദം നൽകി. സിറിയൻ സെമിനാരിയുടെ ദൈനം ദിന ആവശ്യങ്ങൾക്കായി 1817 ൽ മഹാറാണി 20,000/- രൂപയും കല്ലടയിൽ മൺറോ ദീപ് എന്ന് പിന്നീട് അറിയപ്പെട്ട സ്ഥലവും ദാനം ചെയ്തു. കൂടാതെ സെമിനാരിയോട് ചേർന്ന് ഒരാശുപത്രി നടത്തുന്നതിനായി മാസംതോറും എഴുപത് രൂപയും നൽകി വന്നു. എണ്ണായിരം രൂപ റസിഡന്റ് സംഭാവനയും നൽകി.

സെമിനാരി സ്ഥാപനം

1813-ാം ആണ്ട് ഫെബ്രുവരി മാസത്തിൽ പുലിക്കോട്ടിൽ ജോസഫ് റമ്പാൻ സിറിയൻ സെമിനാരിക്ക് അടിസ്ഥാനമിട്ടു. അക്കാലത്തെ ഗതാഗതം മുഖ്യമായും ജലമാർഗ്ഗമായിരുന്നതു കൊണ്ടാകാം നദീതീരത്ത് സെമിനാരി സ്ഥാപിച്ചതെന്ന് ഊഹിക്കാം. മൂപ്പത്തിയൊന്നു മുറികളോടുകൂടിയ മൂന്നു നിലയിലുള്ള ഒരു നാലുകെട്ടും അതിനോടനുബന്ധിച്ച് ഒരു ദേവാലയവും അടുക്കളയും ഗോശാലയും പണിയുവാനായിരുന്നു ജോസഫ് റമ്പാന്റെ പദ്ധതി. പ്രസ്തുത സ്ഥലം ഒരു ചതുപ്പുനിലമായിരുന്നതിനാൽ മൂന്നുനിര തേക്കുതടികൾ നിരത്തിയിട്ട് അതിനുമുകളിൽ വാനം ഉറപ്പിച്ച് അതിനുമുകളിൽ സെമിനാരി കെട്ടിയുണ്ടാക്കുകയായിരുന്നു. സെമിനാരിയിലെ ഒന്നാം നിലയിലെ പന്ത്രണ്ടു മുറികൾ സന്യാസിമാരെ ഉദ്ദേശിച്ചുള്ളവ ആയിരുന്നു. പ്രസ്തുത മുറികൾ ഇടുങ്ങിയ ഓരോ ജനാലയോടുകൂടിയതും ആറ് അടി മാത്രം നീളവും വീതിയും ഉള്ളതുമാകുന്നു. ഇവ ഏകാന്തധ്യാനത്തിൽ കഴിയുന്നതിന് പാശ്ചാത്യദേശങ്ങളിലെ സന്യാസിമാർ ഉപയോഗിച്ചിരുന്ന അറകളെ അനുകരിച്ച് നിർമ്മിക്കപ്പെട്ടവയാണെന്ന് കരുതുന്നു. ബാക്കി പത്തൊൻപതു മുറികൾ കമ്മറ്റി മാളിക (ആഡിറ്റോറിയം), ഗ്രന്ഥശാല, പഠിത്തമാളികകൾ, മെത്രാപ്പോ

ലീത്തമാരുടെ ഔദ്യോഗികവാസ സ്ഥാനങ്ങൾ, രോഗാതുരരുടെ വിശ്രമമുറികൾ, നിക്ഷേപമുറി (ബസ് ഗാസ) മുതലായവയായിരുന്നു. ഇന്ന് കാലോചിതമായ പരിഷ്കാരങ്ങൾ നിമിത്തം സെമിനാരിയുടെ അകത്തളങ്ങളിൽ ആകൃതിയിലും പ്രകൃതിയിലും സാരമായ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്.

1815 മാർച്ച് മാസത്തിലാണ് സെമിനാരിയുടെ പണി പൂർത്തിയായത്. ആ വർഷം തന്നെ സെമിനാരിയിൽ വിദ്യാഭ്യാസം ആരംഭിച്ചു. പുലിക്കോട്ടിൽ ജോസഫ് റമ്പാൻ തന്നെയായിരുന്നു പ്രഥമ പ്രിൻസിപ്പാൾ. പുന്നത്ര ഗീവർഗീസ് കത്തനാർ സെമിനാരിയിലെ ഒരു അധ്യാപകനായിരുന്നു. സുറിയാനിയും വൈദിക വിഷയങ്ങളും മാത്രമേ അക്കാലത്തെ പാഠ്യപദ്ധതിയിലുണ്ടായിരുന്നുള്ളൂ.

സെമിനാരി സ്ഥാപനത്തിന് നിലവിട്ട് സഹായിക്കുവാൻ തുനിഞ്ഞ കേണൽ മൺറോയ്ക്ക് നിയമപരവും ധാർമ്മികവുമായ ചില വിഷമ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു. നിയമാനുസൃതമായ മെത്രാപ്പോലീത്തയല്ലാത്ത ഒരു വൈദികന് വട്ടിപ്പണത്തിന്റെ പലിശ നൽകിയതിനെ സംബന്ധിച്ച് മദ്രാസ് ഗവൺമെന്റ് ചോദ്യം ചെയ്തു. ഉടൻ തന്നെ മെത്രാൻ സ്ഥാനം പ്രാപിക്കണമെന്ന് മൺറോ സായിപ്പ് ജോസഫ് റമ്പാന് നിർദ്ദേശം നൽകി. ഇതനുസരിച്ച് 1815 ജനുവരി മാസത്തിൽ ജോസഫ് റമ്പാൻ ദിവന്നാസ്യോസ് രണ്ടാമൻ എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. ദിവന്നാസ്യോസ് രണ്ടാമനെ തങ്ങളുടെ മെത്രാപ്പോലീത്തയായി ബഹുമാനിച്ചും ആദരിച്ചും പോകണമെന്ന് നിർദ്ദേശിക്കുന്ന രാജകീയ വിളംബരങ്ങൾ തിരുവിതാംകൂർ കൊച്ചി സർക്കാരുകൾ പരസ്യം ചെയ്തു.

ബെഞ്ചമിൻ ബെയ്

സി.എം.എസ്. മിഷനറിമാർ

ജോസഫ് റമ്പാൻ മെത്രാപ്പോലീത്തയായിത്തീർന്നപ്പോൾ സെമിനാരിയിലെ അധ്യാപകരായും പള്ളികളിലെ ഉപദേശകന്മാരായും സി.എം.എസ്. മിഷനറിമാരെ നിയമിക്കുന്നത് നന്നായിരിക്കുമെന്ന് കേണൽ മൺറോ അഭിപ്രായപ്പെട്ടു. വിശ്വാസ വ്യത്യാസമുള്ളവരെ വൈദികാധ്യാപകന്മാരായി നിയമിക്കുന്നത് നല്ലതല്ല എന്നായിരുന്നു മെത്രാപ്പോലീത്തയുടെ അഭിപ്രായം. പിന്നീട് റവ. നോർട്ടൻ മിഷനറിയെ ആലപ്പുഴയിൽ താമസിച്ചുകൊണ്ട് ഒരു വിസിറ്റിംഗ് പ്രൊഫസർ എന്ന നിലയിൽ സെമിനാരിയിൽ പഠിപ്പിക്കുവാൻ അദ്ദേഹം അനുവദിച്ചു. 1818 സെപ്തംബർ 20 നു സെമിനാരി ചാപ്പലിന്റെ പണി തീർന്ന് ആരാധനയ്ക്കായി ഉപയോഗിച്ചു തുടങ്ങി.

റവ. നോർട്ടനെ തുടർന്ന് ദിവന്നാസ്യോസ് മൂന്നാമൻ ഭരണകാലത്ത് ബെഞ്ചമിൻ ബെയ്ലി, ജോസഫ് ഫെൻ, ഹെൻറി ബേക്കർ എന്നീ മിഷനറിമാർ സെമിനാരിയിലെത്തി. ഇവരിൽ ഫെൻ, സെമിനാരി പ്രിൻസിപ്പാളും മെത്രാപ്പോലീത്തയോട് കൂടി കൂട്ടുമാനേജരും ആയിരുന്നു. ബേക്കർ സായിപ്പ് നാടാകെ സഞ്ചരിച്ച് വിദ്യാലയങ്ങൾ സ്ഥാപിച്ചു. ബെയ്ലിയുടെ നേതൃത്വത്തിൽ സെമിനാരിയിൽ ഒരു പ്രസ്സും പ്രസിദ്ധീകരണവകുപ്പും സ്ഥാപിക്കപ്പെട്ടു. സെമിനാരി ആദ്യം പട്ടക്കാരെ പഠിപ്പിക്കാൻ ആരംഭിച്ചതാണെങ്കിലും പിന്നീട് എല്ലാവരേയും പഠിപ്പിക്കുന്ന സ്ഥാപനമായി തീർന്നു. കാരണം തിരുവിതാംകൂർ സർക്കാർ ഉദ്യോഗത്തിനാവശ്യമുള്ള ഉദ്യോഗസ്ഥരേയും ഈ സ്ഥാപനം നൽകിവന്നു. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ മാതൃക പിൻപറ്റിയായിരുന്നു ഇതിന്റെയും നടത്തിപ്പ്. ഉദാഹരണത്തിന് പ്രസിദ്ധമായ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിക്ക് സ്വന്തമായി പ്രസ്സും പ്രസിദ്ധീകരണ വകുപ്പും ഉള്ളതുപോലെ കോട്ടയം കോളജിനും സ്വന്തമായി പാഠ്യപദ്ധതിയും അവ അച്ചടിക്കാനായി പ്രസ്സും പ്രസിദ്ധീകരണവകുപ്പും ഉണ്ടായിരുന്നു.

(തുടരും...)

SOUKYA®

DR. MATHAI'S HOLISTIC HEALTH CENTRE

WELLNESS PROGRAMMES

- Stress Management
- Weight Management
- Anti-ageing
- Detoxification
- Rejuvenation
- Ayurveda Special

FEATURES

- 30 acre certified organic farm
- 25 luxurious rooms (Deluxe to Suites)
- 44 treatment rooms
- Fresh ovo-vegetarian cuisine
- Library
- Walking track
- Herbal garden (Over 200 medicinal plants)
- Guest from over 70 nationalities

MEDICAL PROGRAMMES

- Arthritis Management
- Cardiac Hypertension
- Diabetes Management
- Asthma Management
- Neuro-muscular disorders
- De-addiction

Awarded 'Best Wellness Centre' -Ministry of Tourism and

India's 1st NABH Accredited AYUSH Hospital for Ayurveda, Homeopathy, Yoga & Naturopathy

Soukya Road, Whitefield, Bangalore - 560 067. Tel: +91 80 28017000-08

Mob: +91 98453 74400 Email: info@soukya.com

സാഹിതീയം

കെ.വി. അനിൽകുമാർ

പി. ഭാസ്കരന്റെ സിനിമാഗാനങ്ങളിലെ കല്യാണവിശേഷങ്ങൾ

പി. ഭാസ്കരന്റെ സിനിമാഗാനങ്ങളിൽ കല്യാണവിശേഷങ്ങൾക്ക് നൽകുന്ന പ്രാധാന്യം വളരെ വലുതാണ്. അദ്ദേഹത്തിന്റെ രചനകളിൽ കല്യാണഭംഗികൾ ആദ്യവസാനം തോരണം ചാർത്തി നിൽപുണ്ട്. വാക്കിന്റെ വണ്ടിയിൽ പ്രകൃതിദൃശ്യങ്ങളെയും മൃഗങ്ങളെയും പക്ഷികളെയും അദ്ദേഹം കൗതുകക്കാഴ്ചകളാക്കി കല്യാണപ്പന്തലിലെത്തിക്കുന്നു.

നാഴിയൂരിപ്പാലുകൊണ്ട് നാടാകെ കല്യാണം നടത്തുന്നതും നാലഞ്ചു തുമ്പ കൊണ്ട് മാനത്ത് പൊന്നോണമാഘോഷിക്കുന്നതും കാണിച്ചു തരുന്നു 'രാരിച്ചൻ എന്ന പൗരൻ.' കല്യാണവീട്ടിൽ ആരോ മുല്ലപ്പന്തലുകെട്ടി, പാലപ്പൂം കൊമ്പിലാരോ പനിനീരുവീശി, പാതിരാക്കുയിലുകൾ കുഴലൂതി, പാരിന്റെ മാറത്തൊരു പൊൻമെത്തപ്പായ നിവർത്തി എന്നിങ്ങനെ കല്യാണവിശേഷങ്ങൾ നിരത്തിവെയ്ക്കുന്നതിന്റെ ഗ്രാമീണചന്തവും ചാരുതയും വളരെ ശ്രേഷ്ഠമാണ്.



കാട്ടിക്കൊതിപ്പിക്കുന്ന പൊന്നിന്റെ മൂക്കുത്തി, കല്യാണനാളിൽ കടം തരാമോ എന്നാണ് പൂനിലാവിനോട് 'മുടിയനായ പുത്രനി'ൽ ഒരു പെണ്ണിന്റെ ചോദ്യം. ഒരു നാൾ ഗുരുവായൂർ കണ്ണനെ വണങ്ങി കല്യാണം കാണണമെന്നാണ് ഓണനിലാവിനോടുള്ള അപേക്ഷ (ദേവത). കല്യാണച്ചെറുക്കനെ കണ്ണുവെയ്ക്കരുതെന്ന് 'തറവാട്ടമ്മ'യിൽ പൗർണ്ണമിപ്പാലൊളി വെണ്ണിലാപ്പെണ്ണിനോട് അപേക്ഷിക്കുന്നു. നാളത്തെ കല്യാണപ്പന്തലിൽ മാലേയതാലവുമായ് വരണമെന്നും കല്യാണമാലയ്ക്ക് മായാത്ത സൗരഭ്യം തരണമെന്നും 'അറിയപ്പെടാത്ത രഹസ്യം' പറയുന്നു പൂനിലാവിനോട്.

'കാൽപാടുകളി'ൽ മഞ്ഞണിരാവിൽ പന്തലിലെ മലർമാസത്തിന്റെ കല്യാണവും പുലരാനേഴരാവുള്ളപ്പോൾ നടക്കുന്ന പൂക്കാലത്തിന്റെ കല്യാണവും മനോഹരമായി വർണ്ണിച്ചിരിക്കുന്നു. കസ്തൂരിമുല്ലതൻ കല്യാണമാല ചാർത്താനുള്ള കൽക്കണ്ടമായിട്ടാണ് മണവാളനെ 'എൻ.ജി.ഒ.' യിലെ നായിക സങ്കൽപ്പിക്കുന്നത്.

കല്യാണരാത്രിയിൽ കതിരും വളയും അടയും പാലും കൊണ്ടു വരാൻ കാറ്റിനോടും ആടാൻ മയിലിനോടും അഭ്യർത്ഥിക്കുന്ന പാട്ടുണ്ട്, 'അപരാധി'യിൽ. തന്റെ കല്യാണത്തിന് നാൾ കുറിച്ചെന്ന് നെല്ലോലക്കുരുവിയെ അറിയിക്കുന്നുണ്ട് 'മുതലാളി'യിലെ നായിക. പൊന്നോണത്തിന് ക്ഷണിക്കപ്പെടുന്ന വിശിഷ്ടാതിഥിയാണ് 'തറവാട്ടമ്മ'യിലെ കല്യാണക്കിളി. കല്യാണക്കുരുവി യുടെ പുല്ലാനിപ്പുരകെട്ടലും പാലു

കാച്ചലും സദ്യയൊരുക്കലും 'ആഭിജാത്യ'ത്തിലെ പാട്ടിനു നൽകുന്ന കൽപനകളുടെ ആഭിജാത്യവും കൗതുകങ്ങളുടെ ആസ്വാദ്യതയും ഒന്നു വേറെതന്നെയാണ്. 'പൂമുടിയിൽ ചൂടൂ നല്ല കല്യാണപ്പൂ' എന്നാണ് തത്തമ്മപ്പെണ്ണിനോടുള്ള 'ഉപഹാര'ത്തിലെ അഭ്യർത്ഥന.

'കാക്കയ്ക്കും പൂച്ചയ്ക്കും കല്യാണം കാട്ടിൽ മുഴുക്കെ പൊന്നോണം' എന്നാരംഭിക്കുന്ന 'പകൽക്കിനാവി'ലെ പാട്ട് മൂളാത്തവർ ആരുണ്ട്? കുയിൽ കുഴലു വിളിക്കുന്നു, മയിൽ കുരവയിടുന്നു, വെയിൽ പന്തലൊരുക്കുന്നു, നിഴൽ പായ വിരിക്കുന്നു, കാട്ടരുവി പനിനീരു തളിക്കുന്നു, തേൻകുരുവി പായസം വെയ്ക്കു ന്നു, തത്തമ്മ വെറ്റില മുറുക്കുന്നു, പൂന്തെന്നൽ ഒരു കാരണവരെ ഓർമ്മിപ്പിക്കും വിധം ചുറ്റിനടക്കുന്നു, ചെറുക്കന്റെ തോഴനാണ് ചെങ്കീരി, പെണ്ണിന്റെ തോഴിയോ മലയണ്ണാൻ, കയ്യ് പിടിക്കുന്നത് കുരങ്ങച്ചൻ, പെണ്ണു കൊടുക്കുന്നത് കുറുക്കച്ചൻ... ഇങ്ങനെ നീളുന്ന വിവരണങ്ങളിൽ കല്യാണമാഘോഷിക്കുന്ന പ്രകൃതിയുടെയും ജീവജാലങ്ങളുടെയും ആഘോഷത്തിമിർപ്പ് കാണാം.

ഓപ്പോൾ എന്ന സിനിമയിലും മറ്റൊരു കല്യാണവീട് അവതരിപ്പിക്കുന്നുണ്ട്. ചാറ്റൽ മഴയും പൊൻവെയിലും ഒന്നിച്ചാണ് കാട്ടിലെ കുറുക്കന്റെ കല്യാണത്തിന് അവിടെ അരങ്ങിടുന്നത്. മുറപ്പെണ്ണിനെ മുറച്ചെറുക്കനായ കുറുക്കൻ കെട്ടുന്ന കല്യാണം പാഴൂർ പടിക്കൽ പഞ്ചാംഗം നോക്കി പണ്ടാരോ നിശ്ചയിച്ചതാണ്. കഴുത്തിലെ പൂത്താലി കാക്കപ്പൊന്നാണ്. കല്യാണപ്പുടവ കൈതോലയും. കാക്കക്കുയിലിന്റെ കച്ചേരിയും കരക്കാർക്കൊക്കെയും വിരുന്നൂട്ടുമുണ്ട്. പൗർണ്ണമിരാവിൽ പാടിക്കേൾപ്പിക്കുന്ന പാട്ടിലും കഥാനായകൻ കല്യാണച്ചെക്കനായ കാട്ടിലെ കുറുക്കനാണ്.

'ഒരു പിടി അരി'യിലെ പാട്ടിലുമുണ്ട് ഇത്തിരിപ്പെണ്ണിന്റെ കല്യാണ വിശേഷങ്ങൾ. മുപ്പതിടങ്ങഴിപ്പൂ ചോദിക്കുന്നത് മുല്ലയോടാണ്. കാക്കക്കറുപ്പുള്ള കരിമീശ വെച്ചുള്ള കണ്ടാലഴകുള്ള മണവാളനാണ് പന്തലിൽ വന്നെത്തുന്നത്. നാഗസ്വരം വിളിക്കുന്നത് നാടോടിതത്തയും കൂട്ടുകാരുമാണ്. കുരവ മുഴക്കുന്നത് വണ്ണാത്തി പുള്ളുകൾ. പെണ്ണിന് അല്ലിമലർ ത്താലി. സ്ത്രീധനമോ കാക്കപ്പൊന്നും.

മുല്ലപ്പെരിയാർ എന്ന പെണ്ണും മൂവന്തിചന്ദ്രൻ എന്ന ആണും തമ്മിലുള്ള കല്യാണത്തിന്റെ ചടങ്ങുകൾ മനസ്സമ്മതം മുതൽ പറയുന്നുണ്ട് 'യാമം' എന്ന സിനിമയിൽ. പെണ്ണിന്റെ സമ്മതം ചോദിക്കുന്നത് ഇവിടെ പൂന്തെന്നലാണ്. പന്തലിട്ടത് വെള്ളിമുകിൽ. മൈനകൾ കുരവയിട്ടും കളമൊഴിപ്പെണ്ണുങ്ങൾ കാനനച്ചോലയിൽ കളിയാക്കിയും ചുറ്റും നിന്നു. കല്ലാറും പമ്പയും ചിറ്റാറും തോഴിമാരായി. മലർമാസ രാത്രിയുടെ മണിയറയിൽ മണവാട്ടിപ്പെണ്ണിന്റെ ചുണ്ടത്ത് പുതുമാരൻ അധരത്താൽ മധുരം തേയ്ക്കുന്നതുവരെ കഥ നീളുന്നു.

കല്യാണക്കഥകളിലും നർമ്മസദ്യ വിളമ്പാൻ അദ്ദേഹം മടി കാണിക്കുന്നില്ല. പയിത്തമാങ്ങതൻ മുയിത്തൊരണ്ടിയിൽ ഇരിക്കും വണ്ടിനെപ്പോലെ മനസ്സിനുള്ളിലെ നിനവിൽ ക്കേറി കരണ്ടു തിന്നണ ബാലയോട് തന്റെ കല്യാണക്കുറിക്ക് തല കുലുക്കണമെന്നാണ് 'ഉമ്മ'യിലെ ബാലന്റെ നിവേദനം. അനുരാഗക്കോടതിയിലെ വ്യവഹാരക്കേസാണ് 'ഭാഗ്യജാതക'ത്തിലെ ഒരു പാട്ടിന്റെ പ്രമേയം. നർമ്മരസമൂറുന്ന ഈ പാട്ടിൽ കേസിലെ വിധിയായി വിഭാവനം ചെയ്യുന്നത് കല്യാണമാണ്.

'വല്ലാത്തതാണെന്റെ കല്യാണക്കോള്' എന്നും 'എന്നിനി കെട്ടീടും കല്യാണത്താലി' എന്നും ആശങ്കപ്പെടുന്ന നർമ്മരസമൂറുന്ന പാട്ടാണ് 'സുബൈദ'യിലേത്. കല്യാണരാവിൽ പെണ്ണിന്റെ വീട്ടിൽ കള്ളൻ കടന്ന

കഥ പറയുന്നു 'ചഞ്ചല'യിലെ ഗാനം. അഞ്ജനക്കണ്ണുള്ള മണവാട്ടിയുടെ കഴുത്തിൽ കറ്റക്കയറിട്ട, കയറാൽ മടക്കിട്ട് കല്യാണച്ചെറുക്കനെ കൊണ്ടു വന്ന് മിന്നു കെട്ടിച്ച കഥ പറയുന്നു 'മറ്റൊരുതീരം'. കല്യാണത്താലിയുമായി കാണാമെന്നോതിയ കള്ളനെ വിലങ്ങു ചെയ്യാൻ കള്ളനോട്ടവുമായ് കാത്തിരിക്കുന്നു 'നിറപറയും നിലവിളക്കും' എന്ന ചിത്രത്തിലെ നായിക. കല്യാണച്ചെറുക്കനെ കയ്യാങ്കം കാട്ടിക്കാട്ടി വല്ലാതെ കളിപ്പിച്ച ചുണക്കുട്ടിയുണ്ട് 'സുറുമയിട്ട കണ്ണുകളി'ൽ.

കല്യാണകൽപനകളിലേക്ക് കണ്ണീരിന്റെ നനവ് പടർന്നു നിൽക്കുന്ന പാട്ടുകളും പി. ഭാസ്കരൻ രചിച്ചിട്ടുണ്ട്. 'കല്യാണപ്പൂമാല കണ്ണീരിൽ വാടിയിട്ടും കണ്ടില്ല പണ്ടത്തെ കളിത്തോഴനെ' എന്ന് വിലപിക്കുന്നു 'രാജമല്ലി'യിലെ നായിക. പ്രാണതോഴൻ വെടിഞ്ഞതിനെ തുടർന്ന് എല്ലാമെല്ലാം തകർന്ന 'ലേഡിഡോക്ടറി'ലെ നായികയുടെ സങ്കടം അവളുടെ തന്നെ വാക്കുകളിലൂടെ നാം അറിയുന്നു: "എന്റെ കല്യാണദീപം പൊലിഞ്ഞല്ലോ, കല്യാണകൃഷ്ണന്റെ കൂടെ ആനന്ദനർത്തനമാടാനാകാതെ." വാടിത്തളർന്ന രാധയെ ചിത്രീകരിച്ചിട്ടുണ്ട് 'അനാഥ' എന്ന സിനിമയിലെ ഗാനത്തിൽ.

അദ്ദേഹത്തിന് 1992 ലെ സംസ്ഥാനപുരസ്കാരം നേടിക്കൊടുത്ത 'വെങ്കല'ത്തിലെ 'പത്ത് വെളുപ്പിന്...' എന്നാരംഭിക്കുന്ന പാട്ടിലുമുണ്ട് ഹൃദ്യമായ ഒരു കല്യാണച്ചന്തം. വള്ളുവനാട്ടിലെ സുന്ദരിപ്പെണ്ണിന് കല്ലടിക്കോട്ടിന്ന് കല്യാണവും കല്യാണപ്പെണ്ണിനും ചെക്കനുമിന്ന് കിള്ളിക്കുറിശ്ശിയിൽ വരവേൽപും... എന്നെഴുതുമ്പോൾ കേരളത്തിന്റെ ഗ്രാമീണ സൗന്ദര്യത്തിന്റെ ചന്തവും ചാരുതയും എത്രമേൽ അനായാസമായി പി.ഭാസ്കരന്റെ തൂലികയ്ക്ക് വഴങ്ങിയിരുന്നുവെന്ന് നാം മനസ്സിലാക്കുന്നു.

◎

ചർച്ച് വീക്ക്ലി വരിക്കാരുടെ ശ്രദ്ധയ്ക്ക്

ചർച്ച് വീക്ക്ലി മാസികയ്ക്ക് മാന്യവായനക്കാർ നല്കിവരുന്ന പിന്തുണയ്ക്ക് നന്ദി അറിയിക്കുന്നു. കഴിഞ്ഞ 80 വർഷമായി ആലുവ ഫെലോഷിപ്പ് ഹൗസിൽ നിന്ന് മുടങ്ങാതെ പ്രസിദ്ധീകരിച്ചുവരുന്ന എക്യുമെനിക്കൽ പ്രസിദ്ധീകരണമാണ് ചർച്ച് വീക്ക്ലി. വരിസംഖ്യാ കുടിശ്ശികയുള്ളവർ താഴെ പറയുന്ന വരിസംഖ്യാ സ്കീമുകളിൽ ഏതിലെങ്കിലും ചേർന്ന് മാസികയുടെ തുടർപ്രസിദ്ധീകരണത്തിൽ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പേട്രൺ വരിസംഖ്യ	10,000/-
പത്തുവർഷത്തേക്ക്	1500/-
അഞ്ചു വർഷത്തേക്ക്	750/-
രണ്ടു വർഷത്തേക്ക്	300/-

Bank A/c Details
Bank of India, U.C. College Branch
A/c No. 856610100002771
IFSC : BKID0008566

ഓൺലൈൻ വഴി ബാങ്കിലേക്ക് പണം അയക്കുന്നവർ അയച്ചതിന്റെ സ്ക്രീൻഷോട്ട് 9400175667 എന്ന വാട്ട്സാപ്പ് നമ്പറിലേക്ക് അയച്ചുതരാൻ മറക്കരുത്.

സ്നേഹപൂർവ്വം

ചീഫ് എഡിറ്റർ

സുഭാഷിതം

കെ.എം. തോമസ്
(സമ്പാദനം; പുനരാഖ്യാനം)

ഒരു കപ്പലപകടം: കഥയും സന്ദേശവും

ഒരിക്കൽ ഒരു കപ്പല പകടം ഉണ്ടായി. കപ്പലിൽ ഉണ്ടായിരുന്നവരിൽ ഒരേ ഒരു മനുഷ്യൻ മാത്രം അതിശയകരമായി രക്ഷ പെട്ടു. തിരമാലകൾ അയാ ളെ ഒരു കൊച്ചു ദ്വീപിന്റെ തീരത്തെത്തിച്ചു. ജീവൻ തിരികെ കിട്ടിയതിന് ദൈവ ത്തിന് നന്ദി പറഞ്ഞു കൊണ്ട് അയാൾ അങ്ങോ ട്ടും ഇങ്ങോട്ടും ഒക്കെ നട ന്നുനോക്കി. ഒരു ജീവിയെ പോലും കാണാനില്ല. അയാ ൾക്ക് ഒരേ ഒരു പ്രാർത്ഥന, ''ദൈവമേ, എങ്ങനെയെ ങ്കിലും എന്നെ ഇവിടെ നിന്നും രക്ഷിക്കണെ!"

കയ്യിൽ കിട്ടിയ ചില കമ്പുകളും ചപ്പുചവറുകളും തട്ടിക്കൂട്ടി, ഇരുട്ടുന്നതിനു മുമ്പ് അയാൾ ഒരു കൊച്ചു കുടിലുണ്ടാക്കി. രാത്രി അതിൽ കിടന്ന് ഉറങ്ങി. ദിവസവും രാവിലെ എ ങ്ങോ ട്ടെന്നറിയാതെ അയാൾ പോകും. കാണു ന്ന പച്ചക്കറികൾ, ഫലവർഗ ങ്ങൾ ഒക്കെ പറിച്ചു തിന്നും. വൈകിട്ട് തിരികെ വരും, രാത്രി കുടിലിൽ കിടന്ന് ഉറങ്ങും.

ഒരു ദിവസം അയാൾ തിരികെ വന്നപ്പോൾ കണ്ട കാഴ്ച - ആ കുടിൽ തീയിൽ ആളിക്കത്തുന്നു. സങ്കടവും കോപവും സഹി ക്കാൻ വയ്യാതെ അയാൾ ദൈവത്തോട് അലറി, "God, how can you do this to me?" അന്നു രാത്രി വളരെ വൈകിയാണ് അയാൾ ഉറ ങ്ങിയത്. അതുവരെ സങ്കട ത്തിലും ദൈവത്തോടുള്ള ദേഷ്യത്തിലും കഴിച്ചുകൂട്ടി.

അ ടു ത്ത ദി വ സ ം രാവിലെ വളരെ താമസി ച്ചിട്ടും ഉണരാത്ത അയാളെ, ആരോ തട്ടിയുണർത്തി - ഒരു രക്ഷാപ്രവർത്തകൻ. അയാൾ പറഞ്ഞു, "നിങ്ങ ളുടെ smoke signal ഇന്ന ലെ വൈകിട്ട് ഞങ്ങൾ കണ്ടു; നിങ്ങളെ രക്ഷിക്കാ നായി വന്നതാണ് ഞങ്ങൾ." അധികം ദൂരെയല്ലാതെ ആ rescue worker വന്ന heli-copter കിടക്കുന്നുണ്ടായി രുന്നു.

ഈ കഥയുടെ സാരാംശം ഉൾക്കൊള്ളുന്ന ഒരു കവിതയുണ്ട്:

I know not by what methods rare,

But this I know, God answers prayer;

I leave my needs with him alone,

Whose ways are wiser than my own.

പത്രാധിപർക്കുള്ള കത്ത്

പ്രിയ എഡിറ്റർക്ക്,



കഴിഞ്ഞ ലക്കത്തിൽ ഡോ. എം.ഐ. ആൻഡ്രൂസ് എഴുതിയ 'നിർമ്മിതബുദ്ധി: സാധ്യതകളും വെല്ലുവിളികളും' എന്ന ലേഖനം വളരെ വിജ്ഞാനപ്രദമായിരുന്നു. ആധുനിക കാലത്തെ ഏറ്റവും വലിയ സാങ്കേതിക വിപ്ലവത്തെക്കുറിച്ച് ഇത്രത്തോളം ആഴത്തിൽ പ്രതിപാദിച്ച ലേഖകന് അഭിനന്ദനങ്ങൾ.

എങ്കിലും, ലേഖനത്തിലെ ചില സാങ്കേതിക വസ്തുതകളിൽ വന്ന ചെറിയ പിശകുകൾ വായനക്കാരുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു:

- ചരിത്രപരമായ തിരുത്ത്: 'നിർമ്മിതബുദ്ധി' (Artificial Intelligence) എന്ന പദം ജോൺ മക്കാർത്തി ആദ്യമായി ഉപയോഗിച്ചത് 1965-ൽ അല്ല, മറിച്ച് 1955-ലാണ് (1956-ലെ ഡാർട്ട്മൗത്ത് കോൺഫറൻസിനുള്ള പ്രൊപ്പോസലിൽ).
- മസ്തിഷ്കത്തിലെ കണക്ഷനുകൾ: മനുഷ്യ മസ്തിഷ്കത്തിൽ 100 മില്യൺ കണക്ഷനുകൾ മാത്രമേയുള്ളൂ എന്ന പരാമർശം വസ്തുതാപരമായി ശരിയല്ല. യഥാർത്ഥത്തിൽ മനുഷ്യ മസ്തിഷ്കത്തിൽ ഏകദേശം 86 ബില്യൺ ന്യൂറോണുകളും അവ തമ്മിൽ ഏതാണ്ട് 100 ട്രില്യൺ സിനാപ്റ്റിക് കണക്ഷനുകളുമുണ്ട്. എ.ഐ. ട്രില്യൺ കണക്കിന് കണക്ഷനുകളിലേക്ക് എത്തുമ്പോഴും മനുഷ്യ മസ്തിഷ്കത്തിന്റെ സങ്കീർണ്ണതയ്ക്ക് ഒപ്പമെത്താൻ ഇനിയും ഏറെ ദൂരമുണ്ടെന്നതാണ് യാഥാർത്ഥ്യം.

പ്രസക്തമായ ചില പുതിയ ചിന്തകൾ കൂടി ഇതിനോട് ചേർക്കാൻ ആഗ്രഹിക്കുന്നു:

